ത്തിനുള്ള തുക വകയിരുത്തിയില്ല. 1999-ലെ പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ഏകദേശം 60 ലക്ഷം രൂപ ഇതിന്റെ നിർമ്മാണത്തിനുവേണം. ത്രിതല പഞ്ചായത്തുകളെക്കൊണ്ട് ഇത്രയും ഭീമമായ തുക മുടക്കി പാലം നിർമ്മിക്കാൻ സാധിക്കാത്തതിനാൽ പഞ്ചായത്തുകൾ പണമടച്ചു കാത്തിരിക്കാൻ തുടങ്ങിയിട്ട് ഏകദേശം രണ്ടു വർഷത്തോളമായി. ഇതു പഞ്ചായത്തുകളോടു ചെയ്യുന്ന അനീതിയാണ്. ബഹുമാനപ്പെട്ട മന്ത്രി സഭയിൽ തന്ന ഉറപ്പിന്റെ ലംഘനമാണിത്. ആ പ്രദേശത്തെ ജനങ്ങളുടെ ചിരകാല അഭിലാഷമാണിത്. അതോടൊപ്പം തന്നെ കാർഷിക മേഖലയിലും ഈ പാലത്തിന്റെ നിർമ്മാണം കൊണ്ട് ഗുണമുണ്ട് എന്നുള്ളതുകൊണ്ടും ബഹുമാനപ്പെട്ട മന്ത്രി സഭയിൽ നൽകിയ ഉറപ്പു പാലിച്ചുകൊണ്ട് ഈ പാലത്തിന്റെ നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, കാളാന്തുരുത്തി നടപ്പാലത്തിന് ആദ്യം ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയ തുക അപര്യാപ്തമാണെന്നുള്ളതുകൊണ്ട് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി. ഇപ്പോൾ 60 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ആണ് ലഭ്യമായിട്ടുള്ളത്. ഇപ്പോൾ അത് ചീഫ് എഞ്ചിനീയർ ഓഫീസിൽ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തുകൾ ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക അടച്ചിട്ടുള്ളത്; ഇതിനാവശ്യമായ തുക കണ്ടെത്തണം. വില്ലേജ് റോഡായതിനാൽ തുക കണ്ടെത്തലാണ് മുഖ്യ വിഷയം. ഈ പാലത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് നബാർഡിന്റെ പദ്ധതിയിൽ ഈ പ്രൊപ്പോസൽ കൊള്ളിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുന്നതാണ്. അതുകൊണ്ട് ഇപ്പോൾ ബഡ്ജറ്റിൽ തുകയില്ല. ഇതിനുള്ള ഫണ്ട് പ്രത്യേകമായി കണ്ടെത്താൻ ശ്രമിക്കുകയാണ്.

(5) അയ്യന്തോളിലെ അശോക നഗർ ഹൗസിംഗ് കോളനി അലോട്ടികൾ അധിക തുക അടയ്ക്കേണ്ടതു സംബന്ധിച്ച്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, എന്റെ നിയോജക മണ്ഡലത്തിലെ അയ്യന്തോൾ അശോക നഗർ കോളനിയിൽ ഭവനനിർമ്മാണ ബോർഡ് 1973-ൽ വീടുകൾ അലോട്ടുചെയ്തു കഴിഞ്ഞതാണ്. അന്ന് കരാറുപ്രകാരമുള്ളതിനേക്കാൾ വളരെയധികം സംഖ്യ റിവൈസ്ചെയ്ത് അടച്ചു. പക്ഷെ പിന്നീടും അതിന്റെ ആധാരം രജിസ്റ്റർ ചെയ്തില്ല. പല നിവേദനങ്ങൾ മുഖേനയും, ഈ നിയമസഭയിൽത്തന്നെ സബ്മിഷനായും വന്നതിന്റെ അടിസ്ഥാനത്തിൽ ആധാരം രജിസ്റ്റർ ചെയ്യാം എന്നുപറഞ്ഞു. പക്ഷെ അതിനു ഭീമമായ സംഖ്യ ഇനിയും അടയ്ക്കണമെന്നാണ് പറയുന്നത്. ഉദാഹരണമായി വീക്കർ സെക്ഷനിൽപ്പെട്ട കുട്ടപ്പൻ എന്ന അലോട്ടി. എണ്ണായിരം രൂപയ്ക്കാണ് തന്നത്. റിവൈസ് ചെയ്ത് ഇരുപതിനായിരത്തിലധികം രൂപ അടച്ചു. ഇപ്പോൾ വീണ്ടും പതിനാലായിരത്തി എണ്ണൂറ്റി അറുപത്തഞ്ചു രൂപ ഇരുപതു പൈസ അടയ്ക്കണമെന്നാണ് നോട്ടീസ് വന്നിരിക്കുന്നത്. ഇവിടെ ഭൂമിക്ക് ഭീമമായ വില വർദ്ധിക്കാനുള്ള യാതൊരു കാരണവുമില്ല. ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ഒന്നുമില്ല. നിർമ്മാണസമയത്ത് കരാറുകാരന്റെയും എഞ്ചിനീയറുടെയും കുറ്റംകൊണ്ടു വീണുപോയ രണ്ടു വീടുകളുടെ കോസ്റ്റുകൂടി നിരപരാധികളായ അലോട്ടികളുടെ തലയിൽ വയ്ക്കുന്നു എന്നാണ് ജനം സംസാരിക്കുന്നത്. ഇവിടെയും ഒരു സുതാര്യത വേണ്ടേ. ഭവനരഹിതരായ ആളു

LIBRARY ARCHIVES Kerala Legislative Assembly

കൾക്കു വീടുകൊടുക്കുന്ന ഭവന നിർമ്മാണ ബോർഡ് ബ്ലൂഡ് കമ്പനിയെ പ്പോലെ പ്രവർത്തിക്കാമോ? അതുകൊണ്ട് പരാതിയുള്ള ആളുകളേയും അലോട്ടീസ് അസോസിയേഷന്റെ ആളുകളെയും വിളിച്ച് കണക്കുകൾ ബോദ്ധ്യപ്പെടുത്തി യഥാർത്ഥ സംഖ്യ തീരുമാനിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഭവനനിർമ്മാണ ബോർഡ് പദ്ധതികൾ തീർപ്പാക്കാതെ കിടക്കുന്നത് കൊല്ലങ്ങളായി തീർപ്പ് കല്പിക്കുന്നില്ല എന്നുള്ളതാണ് പ്രധാന പരാതി. ഇപ്പോൾ ഓരോ സ്കീമായി എടുത്ത് അന്തിമമായി വില തിട്ടപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. 22-2-98-ലാണ് അശോക നഗർ ഭവനനിർമ്മാണ പദ്ധതിയുടെ അന്തിമ വില തിട്ടപ്പെടുത്തി അംഗീകരിച്ചത്. അങ്ങനെ അംഗീകരിച്ചാലുണ്ടാകുന്ന ഓവർഹെഡ് ചാർജ് ഉൾപ്പെടെ, പലിശ ഉൾപ്പെടെ കണക്കാക്കിയിട്ടാണ് വില നിശ്ചയിച്ചിട്ടുള്ളത്. ഹൗസിംഗ് ബോർഡിൽനിന്നും കിട്ടിയ റിപ്പോർട്ടനുസരിച്ച് ഗുണഭോക്താക്കളിൽനിന്നും ഭീമമായ സംഖ്യ വാങ്ങുന്നു എന്ന ആരോപണം അടിസ്ഥാനരഹിതമാണെന്നാണ്. പിഴപ്പലിശ സംബന്ധിച്ചുള്ള സൂചനയുണ്ട്. ഇക്കാര്യത്തിൽ ഒരു റിപ്പോർട്ടുകൂടി ബോർഡിൽ നിന്നും ആവശ്യപ്പെടാം. പിഴപ്പലിശ ചില വ്യവസ്ഥകൾക്കു വിധേയമായി ഇളവു ചെയ്തു കൊടുക്കാമോ എന്നുള്ളത് പ്രത്യേകമായി പരിഗണിക്കാം. അലോട്ടീസ് അസോസിയേഷനെ വിളിച്ച് സംസാരിക്കുന്നതിന് ബോർഡിന് നിർദ്ദേശം കൊടുക്കാം.

(6) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കാർത്തികപുരം പാലത്തിന്റെ നിർമ്മാണം

ശ്രീ. കെ.സി. ജോസഫ് : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതും കണ്ണൂർ-കാസർകോട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്നതുമായ കാർത്തികപുരം പാലത്തിന് ഭരണാനുമതി കൊടുത്തെങ്കിലും നടപടികൾ ഒന്നുമായിട്ടില്ല. കഴിഞ്ഞ രണ്ടാഴ്ചത്തെ തുടർച്ചയായ മഴമൂലം അവിടെയുള്ള ചപ്പാത്തും മുങ്ങിപ്പോയി. കാസർകോട് ഭാഗത്തേക്കുള്ള ഈ പഞ്ചായത്തിലെ ഗതാഗതം സ്തംഭിച്ചിരിക്കുകയാണ്. ഇതു വളരെയേറെ സാദ്ധ്യതകളുള്ള ഒരു പാലമാണ്. ഗവൺമെന്റിന് പണം മുടക്കാനില്ലെങ്കിൽ നബാർഡിന്റെയോ മറ്റു സാമ്പത്തിക സ്ഥാപനങ്ങളുടേയോ പണം മുടക്കി കഴിഞ്ഞാൽ ടോൾ പിരിച്ച് പണം തിരികെ കിട്ടാവുന്നതേയുള്ളൂ. അതുകൊണ്ട് ഈ പാലത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഈ പാലത്തിനു ഭരണാനുമതി നൽകിയിട്ടുണ്ട്. 1999-2000-ലെ ബഡ്ജറ്റിൽ രണ്ടുലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഡിസൈൻ തയ്യാറാക്കുന്നത്. മണ്ണ് പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. മണ്ണ് പരിശോധന പൂർത്തിയാക്കി ഡിസൈൻ അംഗീകരിച്ച് അനന്തര നടപടികൾ തുടങ്ങാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്. എന്നാൽ ഇതു ഗ്രാമപ്രദേശത്തുള്ള പാലം എന്ന നിലയിൽ നബാർഡിന്റെ സ്കീമിൽ പെടുത്തി ചെയ്യാൻ കഴിയുമോ എന്ന് പ്രത്യേകമായി പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly